# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5974 — 04/07/2019-ൽ മറുപടിക്ക്

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തെ കേരള വിദ്യാഭ്യാസ നിയമവുമായി എങ്ങിനെ ഘടനാപരമായി ബന്ധപ്പെടുത്താമെന്ന് പഠിക്കാനാണോ സർക്കാർ ഖാദർ കമ്മീഷനെ നിയമിച്ചത്;<br><br>ബി) എങ്കിൽ റിപ്പോർട്ടിൽ അക്കാര്യം പരാമർശിക്കാതെ സ്കൂൾ ലയന തീരുമാനത്തിനാണ് കമ്മീഷൻ ഊന്നൽ നൽകിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;<br><br>സി) ഇത് വികേന്ദ്രീകരണം എന്ന ജനാധിപത്യ തത്വത്തിനെതിരും പകരം കേന്ദ്രീകൃത സംവിധാനത്തെ ശക്തിപ്പെടുത്തുന്നതുമായ റിപ്പോർട്ടാണോ; അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ), ബി), സി) & ഡി) 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായിട്ടാണ് സർക്കാർ പ്രൊഫ.ഡോ.എം.എ.ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചത്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ അത് സാധിക്കുകയുള്ളൂ എന്ന് തുടർന്ന് കണ്ടെത്തുകയും അതിൻ പ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ പുതുക്കി നിശ്ചയിക്കുകയും അതിൻപ്രകാരം വിദഗ്ധ സമിതി അക്കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് വിദ്യാഭ്യാസ രംഗത്തെ ഒന്നാം തലമുറ പ്രശ്നങ്ങളായ സ്കൂൾ പ്രാപ്യതയും |

ഡി) ഇത് വർഷങ്ങളായി സംസ്ഥാനം അവലംബിക്കുന്ന കോത്താരി കമ്മീഷന്റെ പല നിർദ്ദേശങ്ങൾക്കും എതിരായിട്ടുള്ളതും അദ്ധ്യാപക-വിദ്യാർത്ഥി താൽപര്യം പരിഗണിക്കാത്തതുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

പഠനതുടർച്ചയുമാണ്. ഈ രണ്ട് കാര്യങ്ങൾ ഏതാണ്ട് പൂർണ്ണമായും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇനി ക്ലാസിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മേയുള്ള വിദ്യാഭ്യാസം ഒരുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവന്ന ഘടനാപരമായും ഉള്ളടക്കപരമായും മാറ്റങ്ങളാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിലും 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ